"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് ( ഔഷധി) -ലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസ്സിൽ നിന്നും 60 വയസ്സാക്കി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആയുഷ് (എ) വകുപ്പ്

സ.ഉ.(കൈ) നം.27/2025/AYUSH തീയതി.തിരുവനന്തപുരം. 19-12-2025

---

പരാമർശം:- ഔഷധി മാനേജിംഗ് ഡയറക്ടറുടെ 17.02.2025, 02.05.2025 എന്നീ തീയതികളി ലെ ഇ1-86/24 നമ്പർ കത്തുകൾ

ഉത്തരവ്

ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് (ഔഷധി)-ലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തുന്നതിന് 12.02.2025-ൽ ചേർന്ന ഔഷധി ഭരണസമിതി യോഗം ശുപാർശ ചെയ്തിരുന്നു. ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് (ഔഷധി) ന്റെ അംഗീകൃത നിയമസംഹിത പ്രകാരം അംഗീകൃത തസ്തികകളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സാണെന്നും, എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് മുഖേനയുള്ള പെൻഷനാണ് ഇവർക്ക് അനുവദനീയമായിട്ടുള്ളതെന്നും 25 - 30 വർഷത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രസ്തുത ജീവനക്കാർക്ക് വളരെ തുച്ഛമായ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്ന സാഹചര്യത്തിൽ രണ്ടുവർഷം വിരമിക്കൽ പ്രായം ഉയർത്തുന്നത് സ്ഥാപനത്തിനും, ജീവനക്കാർക്കും ഒരുപോലെ പ്രയോജനകരമാണെന്നും 2024-25 സാമ്പത്തിക വർഷം 214 കോടിയുടെ റെക്കോർഡ് വിറ്റുവരവാണ് സ്ഥാപനം കരസ്ഥമാക്കിയിട്ടുള്ളതെന്നും ഇതിനെല്ലാം പരിചയ സമ്പന്നരായ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തേണ്ടതുണ്ടെന്നും പരാമർശിത കത്തുകൾ പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ പരാമർശിച്ച വസ്തുതകൾ കണക്കിലെടുത്ത്, ഔഷധിയിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം

58 വയസ്സിൽ നിന്ന് 60 വയസ്സാക്കി ഉയർത്തുന്നതിനുള്ള സ്ഥാപനത്തിന്റെ പ്രൊപ്പോസൽ പ്രത്യേക കേസായി പരിഗണിക്കണമെന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിരമിക്കുന്ന ജീവനക്കാർക്ക് ലഭിക്കുന്ന ഉച്ചമായ ഇ.പി.എഫ്. പെൻഷൻ പരിഗണിച്ചും, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും നിർവ്വഹിക്കുന്നതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകില്ല എന്ന വസ്തുത കണക്കിലെടുത്തും, ഔഷധിയിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഈ ഉത്തരവ് തീയതി മുതൽ 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡിഷണൽ ചീഫ് സെക്രട്ടറി

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, ഔഷധി.കുട്ടനെല്ലൂർ,തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം

ധനകാര്യ (പി യു ബി) വകുപ്പ് (03.11.2025 ലെ 3086460/പി.യു - ബി2 /13/2025)

ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ്

പൊതുഭരണ (എസ് സി ) വകുപ്പ് ( 17.12.2025 ലെ ഇനം നം 3431 )

ഡയറക്ടർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 18-12-2025 16:56:27

പകർപ്പ് -ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പി എസിന്.

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2025

ഫയൽ നം. എ2/25/2025/ആയുഷ്. ഇനം നം: 3431

വിഷയം : ആയുഷ് വകുപ്പ് - ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് (ഔഷധി)-ലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസ്സിൽ നിന്നും 60 വയസ്സാക്കി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

3431

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/25/2025-ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ആയുഷ് വകുപ്പ്- ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് (ഔഷധി) - ലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസ്സിൽ നിന്നും 60 വയസ്സാക്കി ഉയർത്തുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.11.2025 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സീമ എസ്. |
| 8. കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. രാജൻ നാംദേവ് ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.11.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.11.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12.11.2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13.11.2025 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെനമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് (ഔഷധി) - ലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസ്സിൽ നിന്നും 60 വയസ്സാക്കി ഉയർത്തുന്നത് സംബന്ധിച്ച വിഷയമാണ് ടി കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് (ഔഷധി) ഉത്പാദനത്തിലും വിൽപനയിലും കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിനിടയിൽ വൻവർദ്ധന ഉണ്ടായിട്ടുണ്ടെന്നും, വിൽപ്പനയിലുണ്ടായിട്ടുള്ള വർദ്ധനവിനനുസരിച്ച് ഫാക്ടറിയുടെ ഉത്പാദനക്ഷമത പൂർണ്ണമായ തോതിൽ ഉറപ്പ വരുത്തുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിച്ച് ഫാക്ടറി നവീകരണം നടത്തി വരികയുമാണെന്നും സമീപഭാവിയിൽ തന്നെ നവീകരണം പൂർത്തിയാക്കി ഉത്പാദനം ഇരട്ടിയാക്കുന്ന പ്രവർത്തനങ്ങളിലേക്ക് കടക്കുകയാണെന്നും ടി ലക്ഷ്യപ്രാപ്തിക്കായി പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനം ഉറപ്പവരുത്തേണ്ടതുണ്ടെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സ്ഥാപനത്തിന്റെ അംഗീകൃത നിയമസംഹിത പ്രകാരം അംഗീകൃത തസ്തികകളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സാണ്. ടി ജീവനക്കാർക്ക് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് മുഖേനയുള്ള പെൻഷനാണ് അനുവദനീയമായിട്ടുള്ളതെന്നും 25 – 30 വർഷത്തെ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രസ്തുത ജീവനക്കാർക്ക് വളരെ തുച്ഛമായ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്ന സാഹചര്യത്തിൽ രണ്ടുവർഷം വിരമിക്കൽ പ്രായം ഉയർത്തുന്നത് സ്ഥാപനത്തിനും, ജീവനക്കാർക്കും ഒരുപോലെ പ്രയോജനകരമാണന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തണമെന്ന് ജീവനക്കാരിൽനിന്നും, ട്രേഡ് യൂണിയനുകൾ എന്നിവരിൽനിന്നും ലഭിച്ച അപേക്ഷ 12.02.2025 –ൽ ചേർന്ന ഔഷധി ഭരണസമിതിയോഗം പരിഗണിക്കുയും ശുപാർശചെയ്ത് ഉത്തരവിനായി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു. ജീവനക്കാർക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങൾ, ഭരണച്ചെലവുകൾക്കായുള്ള തുക തുടങ്ങിയവയെല്ലാം ഔഷധിയുടെ തനത് ഫണ്ട് ഉപയോഗിച്ചാണ് നിർവ്വഹിച്ചുവരുന്നതെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. ഔഷധിയിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സാക്കി ഉയർത്തുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും

**"19.04.2023 ലെ സ.ഉ.(കൈ)നം.72/2023/ധന പ്രകാരം പുനഃസംഘടിപ്പിച്ച Expert Committee-യെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ, ഓരോ സ്ഥാപനത്തെയും പ്രത്യേകം പ്രത്യേകമായി പരിഗണിച്ച്, നിശ്ചയിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റി ഇത് സംബന്ധിച്ച പൊതുവായും ഓരോ സ്ഥാപനത്തെയും പ്രത്യേകം പ്രത്യേകമായി പരിഗണിച്ചുമുള്ള പരിശോധനയും ചർച്ചകളും നടത്തിവരുന്നു. കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്മേൽ സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി ഔഷധി ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണിക്കാവുന്നതാണെന്ന ഭരണവകുപ്പിനെ അറിയിക്കുന്നു."**

5. ധനകാര്യവകുപ്പിന്റെ അഭിപ്രായം, ഔഷധി മാനേജിംഗ് ഡയറക്ടറെ അറിയിച്ചിരുന്നു. സ്ഥാപനത്തിലെ ജീവനക്കാരുടെ സംഘടനകൾ വിരമിക്കൽ പ്രായം ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരന്തരം മാനേജ്മെന്റിനെ സമീപിച്ചുവരുന്നുണ്ടെന്നും 2024-25 സാമ്പത്തിക വർഷം 214 കോടിയുടെ റെക്കോർഡ് വിറ്റുവരവാണ് സ്ഥാപനം കരസ്ഥമാക്കിയിട്ടുള്ളതെന്നും ഇതിനെല്ലാം പരിചയ സമ്പന്നരായ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ പരാമർശിച്ച വസ്തുതകൾ കണക്കിലെടുത്ത്, ഔഷധിയിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സാക്കി ഉയർത്തുന്നതിനുള്ള സ്ഥാപനത്തിന്റെ പ്രൊപ്പോസൽ പ്രത്യേക കേസായി പരിഗണിക്കണമെന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

6. ഔഷധി മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ പരിഗണിച്ച് ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ മുൻ അഭിപ്രായം പുനഃപരിശോധിച്ച്, ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് വിരമിക്കൽ പ്രായം 60 വയസ്സാക്കി ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിച്ചിരിക്കുന്നു.

**"ഔഷധിയിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ൽ നിന്നും 60 വയസ്സാക്കി ഉയർത്തുന്നത് സംബന്ധിച്ച വിഷയം ബഹു. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ടെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.**

**ഇതിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."**

7. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ടെന്ന് ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് (ഔഷധി) - ലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസ്സിൽ നിന്നും 60 വയസ്സാക്കി ഉയർത്താമോ?